## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4198** 13.12.2018-ൽ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഇ.യിലെ പ്രവാസി ചിട്ടി

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യിലെ പ്രവാസി ചിട്ടികളിൽ നിലവിൽ എത്ര പ്രവാസികൾ ചേർന്നിട്ടുണ്ട്; | (എ) | പ്രവാസി ചിട്ടി ആരംഭിച്ചിട്ടേയുള്ളൂ .ആദ്യ ലേലം 2018 നവംബർ 23 നാണ് നടന്നത് .ഇതിനോടകം 71 ചിട്ടികൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞു.2396 ആണ് ചിറ്റാളന്മാരുടെ എണ്ണം .ഈ ചിറ്റാളന്മാരാണ് ചിട്ടിയിൽ പണം നിക്ഷേപിക്കുന്നത്. 3.6 കോടി സലയുള്ള ചിട്ടികളാണ് ഇതിനോടകം തുടങ്ങിയിട്ടുള്ളത്. |
| (ബി) | പ്രവാസി ചിട്ടികളിൽ ചേർന്നവരുടെ ഫണ്ട് കിഫ്ബിയിൽ ഉൾപ്പെടുത്തു വാൻ ഉദ്ദേശമുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേരളത്തിന്റെ പശ്ചാത്തല വികസനത്തിനായി രൂപവത്കരിച്ച കിഫ്ബിയുമായി ചേർന്നാണ് പ്രവാസി ചിട്ടികൾ നടപ്പിലാക്കുന്നത്. പ്രവാസി ചിട്ടിയിലൂടെ സമാഹരിക്കുന്ന തുക കിഫ് ബി ഇറക്കുന്ന ഗവൺമെന്റ് ഗ്യാരണ്ടിയുള്ള ദീർഘകാല/ഹ്രസ്വകാല ബോണ്ടുകളിൽ കെ.എസ്.എഫ്. ഇ നിക്ഷേപിക്കുന്നതു മൂലം നിക്ഷേപ കർക്ക് കിഫ്ബിയിലൂടെ നാടിന്റെ വികസനത്തിൽ പങ്കാളികളാകാനുള്ള അവസരം ലഭ്യമാകും. ചിട്ടി പിടിക്കുന്നവർക്ക് നൽകാനായി ബോണ്ടിൽ നിന്ന് ആവശ്യാനുസരണം പണം പിൻവലിക്കാനുള്ള ഓപ്ഷനും ഉണ്ട്. മലയോര ഹൈവേ, തീരദേശ ഹൈവേ എന്നീ കിഫ് ബി പദ്ധതികൾക്കുള്ള മൂലധന ശേഖരണമാണ് തുടക്കത്തിൽ നടക്കുന്നത്. പ്രവാസികൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുകയും അതോടൊപ്പം നാടിന്റെ അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉതകും വിധം നിക്ഷേപം ഉപയുക്തമാക്കുന്നതിനും കഴിയും. |
| (സി) | നിലവിൽ എത്ര പ്രവാസികൾ കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടികളിൽ നിക്ഷേപം നടത്തിയി ട്ടുണ്ട്; | (സി) | പ്രവാസി ചിട്ടി ആരംഭിച്ചിട്ടേയുള്ളൂ .ആദ്യ ലേലം 2018 നവംബർ 23 നാണ് നടന്നത് .ഇതിനോടകം 71 ചിട്ടികൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞു.2396 ആണ് ചിറ്റാളന്മാരുടെ എണ്ണം .ഈ ചിറ്റാളന്മാരാണ് ചിട്ടിയിൽ പണം നിക്ഷേപിക്കുന്നത്. 3.6 കോടി സലയുള്ള ചിട്ടികളാണ് ഇതിനോടകം തുടങ്ങിയിട്ടുള്ളത്. |
| (ഡി) | പ്രവാസി ചിട്ടിയിലൂടെ എത്ര കോടിയുടെ ചിട്ടി ഇടപാടുകളാണ് നിലവിൽ നടന്നു വരുന്നത്; വ്യക്തമാക്കുമോ? | (ഡി) | 3.6 കോടി രൂപ ചിട്ടി സലയുള്ള ചിട്ടികളാണ് നിലവിൽ നടന്നു വരുന്നത്. വിവിധ ശ്രേണികളിലായി 71 ചിട്ടികൾ ഇതുവരെ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. 91 പുതിയ ചിട്ടികൾ ഉടൻ ആരംഭിക്കാൻ ഉദ്ദേശിച്ച് പ്രവർത്തനങ്ങൾ നടന്നു വരുന്നു . |

**സെക്ഷൻ ഓഫീസർ**